# <u>പത്രക്കുറിപ്പ്</u>

2005-ലെ വിവരാവകാശ നിയമ പ്രകാരം പൗരൻമാർക്ക് ഒരു പൊതു അധികാരിയിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിനായി അപേക്ഷകൾ അനായാസം സമർപ്പിക്കുന്നതിനും വളരെ ലളിതമായ നടപടികളിലൂടെ ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഏറ്റവും അടുത്ത കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് ലഭിക്കുന്നതിനും വേണ്ടി പോലീസ് സ്റ്റേഷൻ തലം മുതൽ ഈ വകുപ്പിലെ എല്ലാ ഭരണ യൂണിറ്റുകളിലും വിവിധ ഉദ്യോഗസ്ഥൻമാരെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും അപ്പലേറ്റ് ഓഫീസർമാരായും സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് കേരളാ പോലീസ് ഡയറക്ടർ ജനറൽ ഉത്തരവ് നൽകിയിരിക്കുന്നു.

ഇതേവരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ മുതൽ മുകളിലോട്ടുള്ള വിവിധ ഭരണ യൂണിറ്റുകളിൽ നിന്നും ലഭിക്കേണ്ടുന്ന വിവരങ്ങൾക്കു വേണ്ടി പൗരൻമാർ അപേക്ഷകൾ പോലീസ് ആസ്ഥാനത്തെ ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയായിരുന്നു പതിവ്. എന്നാൽ, പുതിയ ക്രമീകരണം മുഖേന ഇനി മുതൽ പോലീസ് സ്റ്റേഷൻ മുതൽ മുകളിലോട്ടുള്ള വിവിധ പോലീസ് ഓഫീസുകളിൽ നിന്നും പൗരൻമാർക്ക് ആവശ്യമായ വിവരങ്ങൾ നേരിട്ട് അവരുടെ ഏറ്റവും അടുത്ത ഓഫീസിലെ ബന്ധപ്പെട്ട ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നു.

പൗരൻമാർ സമർപ്പിക്കുന്ന അപേക്ഷകൾ / അപ്പീൽ ഹർജികൾ എന്നിവ സ്വീകരിച്ച് ഇൻഫർമേഷൻ ഓഫീസർമാർ / അപ്പലേറ്റ് ഓഫീസർമാർ / സംസ്ഥാന വിവരാവകാശ കമ്മീഷൻ എന്നിവർക്ക് കൈമാറുക എന്നതാണ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതല. ഈ വകുപ്പിലെ എല്ലാ ഭരണ യൂണിറ്റുകളിലും വിവിധ ഉദ്യോഗസ്ഥൻമാരെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്.

പൗരൻമാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട പൊതുഅധികാരിയുടെ കൈവശമുള്ളതായ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് അപേക്ഷകർക്ക് നൽകുക, വിവരങ്ങൾ നൽകാൻ കഴിയാത്ത കേസുകളിലെടുക്കുന്ന തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുക എന്നിവയാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതല.

നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിച്ച വിവരങ്ങളിൻ മേൽ പരാതികൾ ഉന്നയിക്കുകയോ ചെയത് പൗരൻമാർ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി ഉചിതമായ നടപടി കൈക്കൊള്ളേണ്ട ചുമതല അപ്പലേറ്റ് ഓഫീസർമാർക്കാണ്.

മേൽ പ്രസ്താവിച്ച പ്രകാരം വിവിധ ഭരണ യൂണിറ്റുകളിൽ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അപ്പലേറ്റ് ഓഫീസർ എന്നിവരായി സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഓഫീസുകളുടെ മുന്നിൽ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിച്ചിട്ടുള്ളതാണ്. വിശദമായ വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| യൂണിറ്റ് / ഓഫീസ് | എസ്.എ.പി.ഐ.ഒ | എസ്.പി.ഐ.ഒ | അപ്പീൽ അധികാരി |
|---|---|---|---|
| പോലീസ് സ്റ്റേഷൻ | സ്റ്റേഷൻ ഹൗസ് ഓഫീസർ | സി.ഐ | ഡി.വൈ.എസ്.പി / അസി. കമ്മീഷണർ |
| സി.ഐ. (എസ്.എച്ച്.ഒ) | സീനിയർ എസ്.ഐ | സി.ഐ | ഡി.വൈ.എസ്.പി / അസി. കമ്മീഷണർ |
| സി.ഐ. ഓഫീസ് | സർക്കിൾ റൈറ്റർ | സി.ഐ | ഡി.വൈ.എസ്.പി / അസി. കമ്മീഷണർ |
| എസ്.ഡി.പി.ഒ ഓഫീസ് | എസ്.ഡി.പി.ഒയുടെ സി.എ | എസ്.ഡി.പി.ഒ | എസ്.പി / കമ്മീഷണർ |
| ഡി.പി.ഒ / സി.പി.ഒ | മാനേജർ | ഡി.വൈ.എസ്.പി ( ഭരണം ) / അസി. കമ്മീഷണർ ( ഭരണം ) | എസ്.പി / കമ്മീഷണർ |
| റേഞ്ച് ഓഫീസ് | ജൂനിയർ സൂപ്രണ്ട് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | റേഞ്ച് ഐ.ജി |
| സോണൽ ഓഫീസ് | എ.ഡി.ജി.പിയുടെ സി.എ | ജൂനിയർ സൂപ്രണ്ട് | സോണൽ എ.ഡി.ജി.പി |
| ബറ്റാലിയൻ (എസ്ആർഎഎഫ് ഒഴികെ) | മാനേജർ | ഡെപ്യൂട്ടി കമാണ്ടന്റ് | കമാണ്ടന്റ് |
| എസ്ആർ.എ.എഫ് | എ.സി. (എച്ച്.ക്യു) | ഡെപ്യൂട്ടി കമാണ്ടന്റ് | കമാണ്ടന്റ് |
| ഐ.ജി എ.പി. ബറ്റാലിയൻ ഓഫീസ് | ജൂനിയർ സൂപ്രണ്ട് | മാനേജർ | ഐ.ജി എ.പി. ബറ്റാലിയൻ |
| പി.റ്റി.സി | ജൂനിയർ സൂപ്രണ്ട് | വൈസ് പ്രിൻസിപ്പൽ | പ്രിൻസിപ്പൽ |

| യൂണിറ്റ് / ഓഫീസ് | എസ്.എ.പി.ഐ.ഒ | എസ്.പി.ഐ.ഒ | അപ്പീൽ അധികാരി |
|---|---|---|---|
| കേരളാ പോലീസ് അക്കാഡമി | മാനേജർ | ഡയറക്ടർ ( ഭരണം ) | ഡയറക്ടർ (കേരളാ പോലീസ് അക്കാഡമി) |
| റെയിൽവേ പോലീസ് സൂപ്രണ്ട് ഓഫീസ് | മാനേജർ | ഡി.വൈ.എസ്.പി ( ഭരണം ) | എസ്.പി. റെയിൽവേസ് |
| ടെലികമ്മ്യൂണിക്കേഷൻസ് | ജൂനിയർ സൂപ്രണ്ട് ( ഭരണം ) | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | എസ്.പി . ടെലികമ്മ്യൂണിക്കേഷൻസ് |
| പോലീസ് കമ്പ്യൂട്ടർ സെന്റർ | ജൂനിയർ സൂപ്രണ്ട് | മാനേജർ | എസ്.പി പോലീസ് കമ്പ്യൂട്ടർ സെന്റർ |
| എസ്.സി.ആർ.ബി (എസ്റ്റാബ്ലിഷ് മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രം. ജി.ഒ (പി) നം 43/06 ജി.എ.ഡി തീയതി 07.02.06 പ്രകാരം എസ്.സി.ആർ.ബി യെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.) | മാനേജർ | എസ്. പി. എസ്.സി.ആർ.ബി | ഐ.ജി. എസ്.സി.ആർ.ബി |
| പോലീസ് ഹെഡ്ക്വാർട്ടേഴ്സ് | മാനേജർ | എ.ഐ.ജി – I | ഐ.ജി ( ഭരണം ) |

## GOVERNMENT OF KERALA

**Abstract**

Home Department – Right to Information Act 2005 – Designation as Assistant Information Officer, Information Officers and Appellate Authority – Orders issued.

---

**HOME (G) DEPARTMENT**

G.O (Rt) No.335/06/Home Dated, Thiruvananthapuram, 06/02/2006

---

Read: 1) GO (P) 367/05/GAD dated 10.10.05
2) Circular No.80649/CDN4/05/GAD date 15.10.05

**ORDER**

Government as per the Government Order read as 1st paper above has constituted State Information Commission as provided under the Right to Information Act 2005 passed by the Parliament. As part of the implementation process in the Home Department, it is hereby ordered that Under Secretary, Home (Parliament) Department is designated as Assistant Information Officer for the purpose of receiving applications, appeals etc., from the public in respect of Right to Information as provided in Right to Information Act 2005. Sri. G. Sreekumaran, Additional Secretary to Government, Home Department and Smt. N. Letha, Additional Secretary to Government, Home Department will be designated as Information Officers and Principal Secretary (Home) will be the Appellate Authority.

By order of the Governor,
**JOLLY GEORGE**
Joint Secretary to Government

To

Sri. K.K.Vijayakumar IAS, Principal Secretary, Home Department
Sri. G.Sreekumaran, Additional Secretary, Home Department
Smt. N. Letha, Additional Secretary, Home Department
Smt. Lourd Mary, Under Secretary, Home (PS) Department
The Private Secretary to Chief Minister
The Information & Public Relations Department
The General Administration (Co-ordination) Department
All Sections and Officers of Home Department
SF/OC

Forwarded/By Order

Section Officer